**മധുരമായ കുട്ടികളേ - വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന ബാബയെ വളരെ താൽപ്പര്യത്തോടെ ഓർമ്മിക്കണം. ഓർമ്മയിലൂടെ മാത്രമേ നിങ്ങൾ സതോപ്രധാനമായിത്തീരൂ.**

**ചോദ്യം** - ഏതൊരു കാര്യത്തിൽ പൂർണ്ണ ശ്രദ്ധയുണ്ടെങ്കിലാണ് ബുദ്ധിയുടെ പൂട്ട് തുറക്കപ്പെടുക?
**ഉത്തരം** - പഠിപ്പിൽ. ഭഗവാനാണ് പഠിപ്പിക്കുന്നത് അതുകൊണ്ട് ഒരിക്കലും പഠിപ്പ് മുടക്കരുത്. ഏതുവരെ ജീവിക്കുന്നുവോ അതുവരെയ്ക്കും ജ്ഞാനാമൃതം കുടിച്ചുകൊണ്ടിരിക്കണം. പഠിപ്പിൽ ശ്രദ്ധ നൽകണം. ഒരിക്കലും ക്ലാസ്സിൽ വരാതിരിക്കരുത്. എവിടെ നിന്നെങ്കിലും മുരളി അന്വേഷിച്ച് കണ്ടെത്തി തീർച്ചയായും പഠിക്കണം. മുരളിയിൽ ദിവസേന പുതിയ-പുതിയ പോയിന്റുകൾ വന്നുകൊണ്ടിരിക്കുന്നു. ഇതിലൂടെ നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറക്കപ്പെടുന്നു.

**ഓംശാന്തി**. സാളിഗ്രാമുകളായ കുട്ടികളെ പ്രതി ശിവഭഗവാൻ ഉച്ചരിക്കുന്നു. ഇത് കല്പത്തിൽ ഒരു തവണ മാത്രമേ ഉണ്ടാവൂ എന്ന് നിങ്ങൾക്കു മാത്രമേ അറിയൂ മറ്റാർക്കും തന്നെ അറിയില്ല. മനുഷ്യർക്ക് രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചുമുള്ള ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യങ്ങൾ ഒട്ടും അറിയുകയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം സ്ഥാപനയുടെ കാര്യത്തിൽ വിഘ്നങ്ങൾ വരുക തന്നെ ചെയ്യും. ഇതിനെയാണ് ജ്ഞാനയജ്ഞം എന്നു പറയുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു ഈ പഴയ ലോകത്തിൽ നിങ്ങൾ എന്തെല്ലാമാണോ കാണപ്പെടുന്നത്, അത് മുഴുവനും സ്വാഹാ ആയിത്തീരുക തന്നെ ചെയ്യും. അതുകൊണ്ട് അതിനോട് മമത്വം വെക്കരുത്. ബാബ വന്ന് പുതിയ ലോകത്തേക്കുള്ള പഠിപ്പാണ് നൽകുന്നത്. ഇത് പുരുഷോത്തമ സംഗമയുഗമാണ്. ഇത് വികാരികളുടെയും നിർവ്വികാരികളുടെയും സംഗമമാണ്. പരിവർത്തനത്തിന്റെ സമയമാണ്. പുതിയ ലോകത്തെ നിർവ്വികാരി ലോകമെന്നു പറയുന്നു. ആദിസനാതന ദേവി-ദേവതാധർമ്മമായിരുന്നു. ഇത് മനസ്സിലാക്കാനുള്ള പോയിന്റുകളാണെന്ന് കുട്ടികൾക്ക് അറിയാം. ബാബ രാത്രിയും പകലും പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്, കുട്ടികളേ നിങ്ങൾക്ക് വളരെയധികം ഗുഹ്യമായ പോയിന്റുകളാണ് മനസ്സിലാക്കിത്തരുന്നത്. ബാബയുള്ള കാലം മുഴുവനും പഠിപ്പ് തുടരുക തന്നെ ചെയ്യും. പിന്നീട് പഠിപ്പ് അവസാനിക്കും. ഈ കാര്യങ്ങളെക്കുറിച്ച് നിങ്ങൾക്കല്ലാതെ മറ്റാർക്കും തന്നെ അറിയില്ല. നിങ്ങളിലും നമ്പർവൈസാണ്, ഇതിനെക്കുറിച്ച് ബാപ്ദാദയ്ക്കു മാത്രമേ അറിയൂ. എത്രപേരാണ് വീണു പോകുന്നത്, എത്ര ബുദ്ധിമുട്ടുകളാണുണ്ടാകുന്നത്. എല്ലാവർക്കും എപ്പോഴും പവിത്രമായിരിക്കുവാൻ സാധിക്കുന്നില്ല. പവിത്രമായിരിക്കുന്നില്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. മാലയിലെ മുത്തുകളാണ് പദവിയോടെ പാസ്സാകുന്നത്. പിന്നീടാണ് പ്രജകൾ ഉണ്ടാകുന്നത്. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. നിങ്ങൾ ഇതെല്ലാം തന്നെ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുകയാണെങ്കിലും അവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. സമയമെടുക്കും. എത്രത്തോളം ബാബയ്ക്ക് മനസ്സിലാക്കിത്തരുവാൻ സാധിക്കുന്നുവോ അത്രയ്ക്കും നിങ്ങൾക്ക് കഴിയില്ല. റിപ്പോർട്ടുകൾ വരുന്നതിനെക്കുറിച്ച് ബാബയ്ക്കു മാത്രമേ അറിയൂ - ഇന്നയാൾ വികാരത്തിലേക്കു വീണു, ഇത് സംഭവിച്ചു..... പേരു പറയാൻ സാധിക്കില്ല. പേരു പറഞ്ഞു എന്നാൽ അവരോട് ആർക്കും തന്നെ സംസാരിക്കുവാൻ തോന്നില്ല. എല്ലാവർക്കും അവരോട് വെറുപ്പിന്റെ ദൃഷ്ടിയുണ്ടാകുന്നു. അവർക്ക് ഹൃദയത്തിലും സ്ഥാനം ലഭിക്കില്ല. എല്ലാ സമ്പാദ്യവും നഷ്ടപ്പെട്ടു പോകുന്നു. ആരാണോ ഇങ്ങനെ ബുദ്ധിമുട്ടുന്നത്, അത് അവർക്കുമറിയാം ബാബയ്ക്കുമറിയാം. ഇതെല്ലാം തന്നെ വളരെയധികം ഗുപ്തമായ കാര്യങ്ങളാണ്.

നിങ്ങൾ പറയുന്നു ഇന്നയാളെ കണ്ടു, അവർക്ക് വളരെ നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുത്തു. അവർക്ക് സേവനത്തിൽ സഹായിക്കുവാൻ സാധിക്കും. പക്ഷേ അതും സന്മുഖത്തുണ്ടെങ്കിൽ മാത്രമേ സാധിക്കൂ. നിങ്ങൾ ഗവർണർക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുത്താലും അവർക്ക് ആർക്കും തന്നെ ഇത് പറഞ്ഞുകൊടുക്കാൻ സാധിക്കില്ല. ആർക്കെങ്കിലും ഇത് പറഞ്ഞു കൊടുത്താലും അവർ അംഗീകരിക്കില്ല. ആരാണോ മനസ്സിലാക്കേണ്ടവർ അവർ മാത്രമേ മനസ്സിലാക്കൂ. മറ്റുള്ളവർക്കൊന്നും മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കി കൊടുക്കുന്നു ഇത് മുൾക്കാടാണ്. ഇതിനെയാണ് നമ്മൾ കൊട്ടാരമാക്കി മാറ്റുന്നത്. മംഗളം ഭഗവാൻ വിഷ്ണു എന്നു പറയാറുണ്ട്. ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ ശ്ലോകങ്ങളാണ്. വിഷ്ണുവിന്റെ രാജ്യമുണ്ടായാൽ മാത്രമേ മംഗളം ഉണ്ടാകൂ. വിഷ്ണുവിന്റെ അവതരണത്തെക്കുറിച്ചും കാണിക്കുന്നുണ്ട്. ബാബ എല്ലാം തന്നെ കണ്ടതാണ്, അനുഭവിയാണല്ലോ. എല്ലാ ധർമ്മത്തിലുള്ളവരെക്കുറിച്ചും നല്ല രീതിയിൽ അറിയാം. ബാബ ഏതൊരു ശരീരത്തിലാണോ പ്രവേശിക്കുന്നത്, അതിനും നല്ലൊരു വ്യക്തിത്വം ആവശ്യമല്ലേ. അപ്പോഴാണ് പറയുന്നത്, വളരെയേറെ ജന്മങ്ങളുടെ

അന്തിമത്തിൽ, എപ്പോഴാണോ ധാരാളം അനുഭവിയായിത്തീരുന്നത്, അപ്പോഴാണ് ഞാൻ ഇവരിൽ പ്രവേശിക്കുന്നത്. അതും സാധാരണ ശരീരത്തിൽ, വ്യക്തിത്വം അർത്ഥം രാജാവോ ധനവാനോ എന്നതല്ല. ഇദ്ദേഹത്തിന് വളരെയധികം അനുഭവമുണ്ട്. ഇദ്ദേഹത്തിന്റെ വളരെ ജന്മത്തിലെ അന്തിമത്തിലാണ് ബാബ വരുന്നത്.

നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കേണ്ടതായി വരും രാജധാനിയുടെ സ്ഥാപനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മാല ഉണ്ടാവുകയാണ്. ഈ രാജധാനി എങ്ങനെയാണ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്, ചിലർ രാജാ–റാണിമാരാകുന്നു, ചിലർ എന്തെല്ലാമോ ആയിത്തീരുന്നു. ഈ കാര്യങ്ങളെല്ലാം തന്നെ ഒരു ദിവസം കൊണ്ടൊന്നും ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. പരിധിയില്ലാത്ത അച്ഛനാണ് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നത്. ഭഗവാൻ വന്ന് മനസ്സിലാക്കിത്തരുന്നു എന്നിട്ടും ചിലർക്ക് പവിത്രമായിത്തീരാൻ ബുദ്ധിമുട്ടാണ്. ഇതിനെക്കുറിച്ച് മനസ്സിലാക്കാനും സമയം ആവശ്യമാണ്. എത്ര ശിക്ഷകളാണ് അനുഭവിക്കുന്നത്. ശിക്ഷകൾ അനുഭവിച്ച് പ്രജകളായിത്തീരുന്നു. ബാബ മനസ്സിലാക്കിത്തരുന്നു കുട്ടികളേ, നിങ്ങൾക്ക് വളരെയധികം മധുരമായിത്തീരുകയും വേണം. ആർക്കും തന്നെ ദുഃഖം കൊടുക്കരുത്. ബാബ വരുന്നതു തന്നെ എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞുകൊടുക്കാനാണ്. ദു:ഖത്തിൽ നിന്നും മുക്തമാക്കാനാണ്. എങ്കിൽ പിന്നെ സ്വയം എങ്ങനെ മറ്റുള്ളവർക്ക് ദു:ഖം നൽകുവാൻ സാധിക്കും? ഈ കാര്യങ്ങളെല്ലാം തന്നെ നിങ്ങൾ കുട്ടികൾക്കു മാത്രമേ അറിയൂ. പുറമേയുള്ളവർ മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരിക്കും.

എല്ലാ സംബന്ധികളിൽ നിന്നുമുള്ള മമത്വത്തെ ഇല്ലാതാക്കണം. വീട്ടിൽ വസിക്കാം പക്ഷെ നിമിത്തം മാത്രം. ഇത് ബുദ്ധിയിലുണ്ടായിരിക്കണം, ഈ മുഴുവൻ ലോകവും നശിക്കുവാൻ പോവുകയാണ്. പക്ഷേ ഈ ചിന്ത ആർക്കും തന്നെയില്ല. അനന്യ(വിശിഷ്ട) സന്താനങ്ങൾക്കു മാത്രമേ അറിയൂ. അവരും ഇപ്പോൾ പഠിക്കാനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. പലരും തോറ്റു പോകുന്നവരുമുണ്ട്. മായയുടെ യുദ്ധം വളരെ നന്നായി നടക്കുന്നുണ്ട്, മായയും വലിയ ബലവാനാണ്. പക്ഷേ ഈ കാര്യങ്ങളൊന്നും മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല. നിങ്ങളുടെ അടുത്ത് വരുന്നവർ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നുണ്ട് – ഇവിടെ എന്താണ് സംഭവിക്കുന്നത്, ഇത്രയ്ക്കും റിപ്പോർട്ടുകൾ എന്തുകൊണ്ടാണ് വരുന്നത്? പല പല ആളുകളായി മാറിവരുമ്പോൾ അവർക്ക് വേറെ വേറെ മനസ്സിലാക്കി കൊടുക്കേണ്ടതായി വരുന്നു. പിന്നീട് പറയുന്നു ഇത് വളരെയധികം നല്ല പ്രസ്ഥാനമാണെന്ന്. രാജധാനി സ്ഥാപിക്കുന്ന കാര്യം വളരെ ഗുപ്തവും മനോഹരവുമാണ്. പരിധിയില്ലാത്ത അച്ഛനെ കുട്ടികൾക്കു ലഭിച്ചു എങ്കിൽ എത്ര സന്തോഷിക്കണം. നമ്മൾ വിശ്വത്തിന്റെ അധികാരികളായ ദേവതകളായിത്തീരുന്നു എങ്കിൽ നമ്മളിൽ ദൈവീകഗുണങ്ങളും ആവശ്യമാണ്. ലക്ഷ്യവും മുന്നിൽ തന്നെയുണ്ട്, ഇവർ തന്നെയാണ് പുതിയ ലോകത്തിലെ അധികാരികളും. ഇത് നിങ്ങൾ മാത്രമാണ് മനസ്സിലാക്കുന്നത്. നമ്മൾ പഠിക്കുന്നു, ജ്ഞാനസാഗരനായ പരിധിയില്ലാത്ത അച്ഛൻ നമ്മെ പഠിപ്പിക്കുന്നു. അമരപുരി അഥവാ സ്വർഗ്ഗത്തിലേക്കു പോകുന്നതിനായുള്ള ജ്ഞാനമാണ് നൽകുന്നത്. കല്പം മുമ്പ് രാജ്യം നേടിയവർ മാത്രമേ വരൂ. കല്പം മുമ്പത്തേതു പോലെ നമ്മൾ നമ്മുടെ രാജധാനിയുടെ സ്ഥാപനയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മാല നമ്പർവൈസായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിദ്യാലയത്തിലും വളരെ നല്ല രീതിയിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടല്ലോ. അത് പരിധിയ്ക്കുള്ളിലുള്ള കാര്യങ്ങളാണ് നിങ്ങൾക്ക് പരിധിയില്ലാത്ത കാര്യങ്ങൾ ലഭിക്കുന്നു. നിങ്ങളിൽ ആരാണോ ബാബയുടെ സഹയോഗികളായിത്തീരുന്നത്, അവർക്ക് ഉയർന്ന പദവി ലഭിക്കുന്നു. വാസ്തവത്തിൽ സ്വയം അവനവനെ തന്നെ സഹായിക്കണം. പവിത്രമാകണം, സതോപ്രധാനമായിരുന്നു ഇനി വീണ്ടും ആയിത്തീരുകയും വേണം. ബാബയെ ഓർമ്മിക്കണം. എഴുന്നേൽക്കുമ്പോഴും നടക്കുമ്പോഴും ഇരിക്കുമ്പോഴുമെല്ലാം ബാബയെ ഓർമ്മിക്കുവാൻ സാധിക്കുന്നു. നമ്മെ വിശ്വത്തിന്റെ അധികാരിയാക്കിമാറ്റുന്ന അച്ഛനെ വളരെ താല്പര്യത്തോടെ വേണം ഓർമ്മിക്കാൻ. പക്ഷേ മായ നിങ്ങളെ വിടില്ല. അനേക പ്രകാരത്തിലുള്ള പല വിധത്തിലുള്ള റിപ്പോർട്ടുകൾ എഴുതുന്നുണ്ട് – ബാബാ, ഞങ്ങൾക്ക് മായയുടെ വികൽപങ്ങൾ ധാരാളം വരുന്നു. ബാബ പറയുന്നു യുദ്ധ മൈതാനമല്ലേ. അഞ്ചു വികാരങ്ങൾക്കു മേലും വിജയം പ്രാപിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളും മനസ്സിലാക്കുന്നു നമ്മൾ സതോപ്രധാനമാവുകയാണ്. ബാബ വന്ന് മനസ്സിലാക്കിത്തരുന്നു, ഭക്തിമാർഗ്ഗത്തിലുള്ളവർക്കൊന്നും തന്നെ ഇത് അറിയുന്നില്ല. ഇത് പഠിപ്പാണ്. നിങ്ങൾ എങ്ങനെ പാവനമാകുമെന്നുള്ളത് ബാബ പറഞ്ഞുതരുന്നു. നിങ്ങൾ പാവനമായിരുന്നു, ഇനി വീണ്ടും ആവുകയും വേണം. ദേവതകൾ പാവനമാണല്ലോ. കുട്ടികൾക്ക് അറിയാം നമ്മൾ വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഭാവിയിൽ പിന്നീട് സൂര്യവംശി രാജ്യത്തിലേക്ക് വരുന്നു. അതിനുവേണ്ടിയുള്ള പുരുഷാർത്ഥവും നല്ല രീതിയിൽ ചെയ്യണം. മുഴുവൻ ആധാരവും മാർക്കിലാണ്. യുദ്ധമൈതാനത്തിൽ തോറ്റു പോയാൽ ചന്ദ്രവംശിയിലേക്ക് വരുന്നു. ലോക

ത്തിലുള്ളവർ യുദ്ധത്തിന്റെ പേര് കേട്ട് അമ്പും വില്ലുമെല്ലാം തന്നെ കാണിച്ചു. അവിടെ അമ്പും വില്ലുമെടുക്കാൻ എന്താ ബാഹുബലത്തിന്റെ യുദ്ധമാണോ. അങ്ങനെയുള്ള കാര്യമൊന്നുമില്ല. ആദ്യം ബാണങ്ങളിലൂടെയായിരുന്നു യുദ്ധം നടന്നിരുന്നത്. ഈ സമയം വരെയ്ക്കും അതിന്റെ അടയാളങ്ങളുണ്ട്. ചിലർ അത് പ്രയോഗിക്കുന്നതിലും വളരെ മിടുക്കരാണ്. ഇപ്പോൾ ഈ ജ്ഞാനത്തിൽ യുദ്ധത്തിന്റെതായ കാര്യങ്ങളൊന്നും തന്നെയില്ല.

നിങ്ങൾക്കറിയാം ശിവബാബ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരൻ. അവരിൽ നിന്നാണ് നമ്മൾ ഈ പദവി നേടുന്നത്. ഇപ്പോൾ ബാബ പറയുന്നു, ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളിൽ നിന്നുമുള്ള മമത്വത്തെ ഉപേക്ഷിക്കൂ. ഇതെല്ലാം തന്നെ പഴയതാണ്. പുതിയലോകം സ്വർണ്ണിമ ഭാരതമാണ്. പേര് എത്ര പ്രശസ്തമാണ്. പ്രാചീന യോഗം ആര് എപ്പോൾ പഠിപ്പിച്ചു? ഇത് ബാബ സ്വയം വന്ന് പറഞ്ഞു തരാതെ ആർക്കും തന്നെ അറിയില്ല. ഇത് പുതിയതാണ്. കല്പം മുമ്പ് എന്തെല്ലാമാണോ സംഭവിച്ചത് അത് വീണ്ടും ആവർത്തിക്കുക തന്നെ ചെയ്യും. അതിൽ ഒരിക്കലും വ്യത്യാസമുണ്ടാവുകയില്ല. ബാബ പറയുന്നു ഈ അന്തിമജന്മം നിങ്ങൾ പവിത്രമായിരിക്കുന്നതിലൂടെ 21 ജന്മത്തേക്ക് അപവിത്രമായിത്തീരുകയില്ല. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. എന്നിട്ടും എല്ലാവരും തന്നെ ഒരുപോലെയല്ല പഠിക്കുന്നത്. രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. പഠിക്കാൻ വേണ്ടിയാണ് വരുന്നത് എന്നിട്ട് കുറച്ച് പഠിച്ച് പിന്നീട് കാണാതാകുന്നു. ആരാണോ നല്ല രീതിയിൽ മനസ്സിലാക്കുന്നത് അവർ തന്റെ അനുഭവവും കേൾപ്പിക്കുന്നു – ഞങ്ങൾ എങ്ങനെ വന്നു, പിന്നീട് എങ്ങനെ പവിത്രതയുടെ പ്രതിജ്ഞ ചെയ്തു. ബാബ പറയുന്നു പവിത്രതയുടെ പ്രതിജ്ഞ ചെയ്ത് പിന്നീട് ഒരു തവണയെങ്കിലും പതിതമാവുകയാണെങ്കിൽ സമ്പാദ്യം മുഴുവനും നഷ്ടപ്പെടുന്നു. പിന്നീട് അത് ഉള്ളിൽ കുത്തിക്കൊണ്ടേയിരിക്കുന്നു. അങ്ങനെയുള്ളവർക്ക് മറ്റുള്ളവരോട് ബാബയെ ഓർമ്മിക്കൂ എന്നും പറയാൻ സാധിക്കില്ല. മുഖ്യമായ കാര്യം വികാരത്തിന്റെതാണ് പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് ഈ പഠിപ്പ് ദിവസേന പഠിക്കണം. ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് പുതിയ പുതിയ കാര്യങ്ങളാണ് കേൾപ്പിച്ചു തരുന്നത്. നിങ്ങൾ വിദ്യാർത്ഥികളാണ്, നിങ്ങളെ ഭഗവാനാണ് പഠിപ്പിക്കുന്നത്. നിങ്ങൾ ഭഗവാന്റെ വിദ്യാർത്ഥികളാണ്! ഇത്രയ്ക്കും ഉയർന്നതിലും ഉയർന്ന പഠിപ്പ് ഒരു ദിവസം പോലും മുടക്കരുത്. ഒരു ദിവസം മുരളി കേട്ടില്ലെങ്കിൽ ആബ്സെന്റ് എന്ന മാർക്ക് വീഴുന്നു. നല്ല നല്ല മഹാരഥികൾ പോലും മുരളി മുടക്കുന്നുണ്ട്. അവർ മനസ്സിലാക്കുന്നു ഞങ്ങൾക്ക് സർവ്വതും അറിയാം, മുരളി പഠിച്ചില്ലെങ്കിൽ എന്തു സംഭവിക്കാനാണ്! ആബ്സെന്റാവും, തോറ്റുപോകും. ബാബ സ്വയം പറയുന്നു സമയത്തിനനുസരിച്ച് മനസ്സിലാക്കി കൊടുക്കാൻ സഹായിക്കുന്ന ഇത്രയ്ക്കും നല്ല നല്ല പോയിന്റുകളാണ് ദിവസേന പറഞ്ഞു തരുന്നത്. ഇതൊന്നും തന്നെ കേട്ടില്ലെങ്കിൽ എങ്ങനെ പ്രയോജനത്തിൽ കൊണ്ടുവരും. ഏതുവരെ ജീവിക്കുന്നുവോ ജ്ഞാനാമൃതം കുടിക്കണം, പഠിപ്പിനെ ധാരണ ചെയ്യണം. ഒരിക്കലും ആബ്സെന്റാകരുത്. എവിടെ നിന്നെങ്കിലും അന്വേഷിച്ച് വാങ്ങിച്ചാണെങ്കിലും മുരളി പഠിക്കണം. ഒരിക്കലും സ്വയം അഹങ്കാരത്തിലേക്ക് വരരുത്. ഭഗവാനായ അച്ഛനാണ് പഠിപ്പിക്കുന്നത്! അതിൽ ഒരിക്കലും ഒരു ദിവസം പോലും മുടക്കരുത്. നിങ്ങളുടെയും മറ്റുള്ളവരുടെയും ബുദ്ധി തുറക്കുന്ന തരത്തിലുള്ള പോയിന്റുകളാണ് ലഭിക്കുന്നത്. ആത്മാവ് എന്താണ്, പരമാത്മാവ് എന്താണ്, എങ്ങനെയുള്ള പാർട്ടാണുണ്ടാകുന്നത് ഇതെല്ലാം തന്നെ മനസ്സിലാക്കുന്നതിനായി സമയമെടുക്കുന്നു. അവസാനം ഈയൊരു കാര്യം മാത്രമേ ഓർമ്മയിലിരിക്കൂ, സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. പക്ഷേ ഇപ്പോൾ മനസ്സിലാക്കേണ്ടതായുണ്ട്. അവസാനത്തെ അവസ്ഥ ഇതാണ്. ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് മുകളിലേക്ക് പോകണം. ഓർമ്മയിലൂടെ മാത്രമാണ് നിങ്ങൾ പവിത്രമായിത്തീരുന്നത്. എത്രത്തോളമായിട്ടുണ്ട് എന്നുള്ളത് നിങ്ങൾക്കു മാത്രമേ അറിയൂ. അപവിത്രമായവർക്ക് ബലം കുറവായിരിക്കും. മുഖ്യമായും അഷ്ടരത്നങ്ങൾ തന്നെയാണ് പദവിയോടെ പാസ്സാകുന്നത്. അവർ ശിക്ഷകളൊന്നും തന്നെ അനുഭവിക്കുന്നില്ല. ഇതെല്ലാം തന്നെ വളരെയധികം സൂക്ഷ്മമായ കാര്യങ്ങളാണ്. എത്ര ഉയർന്ന പഠിപ്പാണ്. സ്വപ്നത്തിൽ പോലും ഉണ്ടാവുകയില്ല ഞങ്ങൾ ദേവതയാകുമെന്നുള്ളത്. ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ നിങ്ങൾ കോടിമടങ്ങ് ഭാഗ്യശാലിയായിത്തീരൂ. ഇതിനു മുന്നിൽ മറ്റുള്ള ജോലിയും വേലകളും ഒന്നും തന്നെയല്ല. ഏതൊരു വസ്തുവും പ്രയോജനത്തിലേക്കു വരുന്നതല്ല. എന്നാലും നിങ്ങൾക്ക് ജോലി ചെയ്യേണ്ടി വരുന്നു. ഇങ്ങനെയൊരു ചിന്ത ഒരിക്കലും ഉണ്ടാകരുത് ഞങ്ങൾ ശിവബാബയ്ക്ക് നൽകുന്നു എന്ന്. നിങ്ങൾ ഇതിലൂടെ കോടി പതിയായാണ് മാറുന്നത്. ശിവബാബയ്ക്ക് നൽകുകയാണ് എന്ന ചിന്ത വരുകയാണെങ്കിൽ ശക്തി കുറയുന്നു. മനുഷ്യർ ഈശ്വരാർത്ഥം ദാനപുണ്യ കർമ്മങ്ങൾ ചെയ്യുന്നത് നേടാൻ വേണ്ടിയാണ്. ഈശ്വരന് ദാനം ചെയ്യുക എന്ന് ഒരിക്കലും പറയില്ല. ഭഗവാൻ ദാതാവാണ്. അതിന്റെ അടുത്ത ജന്മത്തിൽ എത്രയാണ് നൽകുന്നത്. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഭക്തിമാർഗ്ഗത്തിൽ അല്പകാലത്തെ സുഖമാണ്. നിങ്ങൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്താണ് നേടുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

**ധാരണയ്ക്കുളള മുഖ്യ സാരം:-**

1. ഏതുവരെ ജീവിയ്ക്കുന്നുവോ ജ്ഞാനാമൃതം കുടിക്കണം, പഠിപ്പ് ധാരണ ചെയ്യണം. ഭഗവാനാണ് പഠിപ്പിക്കുന്നത് അതുകൊണ്ട് ഒരു ദിവസം പോലും മുരളി മുടക്കരുത്.

2. കോടികളുടെ സമ്പാദ്യം ശേഖരിക്കുന്നതിനുവേണ്ടി നിമിത്തം മാത്രം വീട്ടിലിരുന്നുകൊണ്ട്, ജോലിക്കാര്യങ്ങളെല്ലാം ചെയ്തുകൊണ്ട്, ഒരേയൊരു ബാബയുടെ ഓർമ്മയിലിരിക്കണം.

**വരദാനം:- പ്രസന്നതയുടെ ആത്മീയ വ്യക്തിത്വത്തിലൂടെ സർവ്വരെയും അധികാരിയാക്കി മാറ്റുന്ന മഹിമയ്ക്കും പൂജക്കും യോഗ്യരായി ഭവിക്കട്ടെ.**

ആരാണോ സർവ്വരുടെയും സന്തുഷ്ടതയുടെ സർട്ടിഫിക്കറ്റ് നേടുന്നത് അവർ സദാ പ്രസന്നരായിരിക്കും, മാത്രമല്ല ഈ പ്രസന്നതയുടെ ആത്മീയ വ്യക്തിത്വം കാരണം പ്രശസ്ഥം അർത്ഥം മഹിമക്കും പൂജക്കും യോഗ്യരായി മാറുന്നു. താങ്കൾ ശുഭചിന്തകരും പ്രസന്നചിത്തരുമായ ആത്മാക്കൾ മുഖേന സർവ്വർക്കും സന്തോഷത്തിന്റെ, ആശ്രയത്തിന്റെ, ധൈര്യത്തിന്റെ ചിറകുകളുടെ, ഉന്മേഷ-ഉത്സാഹത്തിന്റെ പ്രാപ്തി ലഭിക്കുന്നു- ഈ പ്രാപ്തി ചിലരെ അധികാരിയാക്കി മാറ്റുന്നു, ചിലർ ഭക്തരായി മാറുന്നു.

**സ്ലോഗൻ:- ബാബയിൽ നിന്ന് വരദാനങ്ങൾ പ്രാപ്തമാക്കാനുള്ള സഹജമായ മാർഗ്ഗമാണ്- ഹൃദയത്തിൽ നിന്നുള്ള സ്നേഹം.**